# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

RCS/5/2020-EB(1) തിരുവനന്തപുരം, തീയതി, 04.09.2020.
website: www.cooperation.kerala.gov.in
e-mail: keralarcs.coop@kerala.gov.in

വിഷയം: സഹകരണ വകുപ്പ് - ജീവനക്കാര്യം-കേരള സംസ്ഥാന സഹകരണ ബാങ്കിലെ പുനർക്രമീകരിച്ചിട്ടുള്ള അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർമാരുടെ ചുമതലകൾ നിർവ്വഹിക്കുന്നത്- ഉത്തരവാകുന്നത് - സംബന്ധിച്ച്

പരാമർശം:-1. സർക്കാരിന്റെ 27.05.2020 ലെ സ.ഉ(സാധാ)നം.237/2020/സഹ നമ്പർ ഉത്തരവ്
2. സർക്കാരിന്റെ 18.06.2020 ലെ സ.ഉ(സാധാ)നം.272/2020/സഹ നമ്പർ ഉത്തരവ്

സംസ്ഥാനത്ത് മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെ 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് ത്രിതല സംവിധാനത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേക്ക് മാറ്റുകയും, ഇപ്രകാരം രൂപീകൃതമായ കേരള സംസ്ഥാന സഹകരണ (കേരള ബാങ്ക്) ബാങ്കിന്റെ ഘടന പുനക്രമീകരിച്ച് 7 റീജിയണുകളായി തിരിയ്ക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

കേരള സംസ്ഥാന സഹകരണ ബാങ്കിലും, 13 ജില്ലാ സഹകരണ ബാങ്കുകളിലുമായി നിലവിലുള്ള ജോയിന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, ഡെപ്യൂട്ടി രജിസ്ട്രാർ/ ആർബിട്രേറ്റർ അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, അസിസ്റ്റന്റ് രജിസ്ട്രാർ/സ്പെഷ്യൽ സെയിൽ ആഫീസർ തസ്തികകൾ കേരള സംസ്ഥാന സഹകരണ ബാങ്കിലേക്ക് പരാമർശം(2) പ്രകാരം പുനർക്രമീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ചുവടെ പേര് പറയുന്ന അസിസ്റ്റന്റ് രജിസ്ട്രാർമാർ കേരള സംസ്ഥാന സഹകരണ ബാങ്കിൽ പുനർക്രമീകരിച്ച അവരുടെ പേരിനു നേരെ കാണുന്ന തസ്തികകളുടെ ചുമതല നിർവ്വഹിക്കണമെന്ന് ഇതിനാൽ നിർദ്ദേശം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര് | പുനർക്രമീകരിച്ച തസ്തിക |
|---|---|---|
| 1 | ശ്രീമതി.വിജയലക്ഷ്മി അമ്മ.ആർ | അസിസ്റ്റന്റ് രജിസ്ട്രാർ/ ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം റീജിയൺ, തിരുവനന്തപുരം ജില്ല |
| 2 | ശ്രീ.കെ.ജയകുമാർ | അസിസ്റ്റന്റ് രജിസ്ട്രാർ/ ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം റീജിയൺ, കൊല്ലം ജില്ല |
| 3 | ശ്രീ.പി.എ.അനിൽ | അസിസ്റ്റന്റ് രജിസ്ട്രാർ/ ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, ആലപ്പുഴ റീജിയൺ, പത്തനംതിട്ട ജില്ല |
| 4 | ശ്രീ.പ്രസാദ്.ഡി | അസിസ്റ്റന്റ് രജിസ്ട്രാർ/ ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, ആലപ്പുഴ റീജിയൺ, ആലപ്പുഴ ജില്ല |
| 5 | ശ്രീ.ആൻസി വർഗ്ഗീസ് | അസിസ്റ്റന്റ് രജിസ്ട്രാർ/ ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കോട്ടയം റീജിയൺ, കോട്ടയം ജില്ല |
| 6 | ശ്രീ.കെ.കെ.അനിൽ | അസിസ്റ്റന്റ് രജിസ്ട്രാർ/ ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കോട്ടയം റീജിയൺ, ഇടുക്കി ജില്ല |
| 7 | ശ്രീമതി.പി.രാരശ്രീ | അസിസ്റ്റന്റ് രജിസ്ട്രാർ/ ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തൃശ്ശൂർ റീജിയൺ, എറണാകുളം ജില്ല |
| 8 | ശ്രീ.കെ.സി.അജിത് പ്രസാദ് | അസിസ്റ്റന്റ് രജിസ്ട്രാർ/ ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തൃശ്ശൂർ റീജിയൺ, തൃശ്ശൂർ ജില്ല |
| 9 | ശ്രീ.റോയി വർഗ്ഗീസ് | അസിസ്റ്റന്റ് രജിസ്ട്രാർ/ ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, പാലക്കാട് റീജിയൺ, പാലക്കാട് ജില്ല |

| | | |
|---|---|---|
| 10 | ശ്രീ.കെ.വി സനിൽ ചന്ദ്രൻ | അസിസ്റ്റന്റ് രജിസ്ട്രാർ/ ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കോഴിക്കോട് റീജിയൺ, കോഴിക്കോട് ജില്ല |
| 11 | ശ്രീ.മനോജ് കുമാർ പെരുവക വടക്കേവീട്ടിൽ | അസിസ്റ്റന്റ് രജിസ്ട്രാർ/ ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കോഴിക്കോട് റീജിയൺ, വയനാട് ജില്ല |
| 12 | ശ്രീ.അഷ്റഫ്.സി.പി | അസിസ്റ്റന്റ് രജിസ്ട്രാർ/ ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കണ്ണൂർ റീജിയൺ, കണ്ണൂർ ജില്ല |
| 13 | ശ്രീമതി.പുഷ്പ.പി | അസിസ്റ്റന്റ് രജിസ്ട്രാർ/ ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കണ്ണൂർ റീജിയൺ, കാസർഗോഡ് ജില്ല |

മേൽപ്പറഞ്ഞ അസിസ്റ്റന്റ് രജിസ്ട്രാർ/ ആർബിട്രേറ്റർമാരുടെ ചുമതലാ നിർവ്വഹണം ബന്ധപ്പെട്ട കേരള സംസ്ഥാന സഹകരണ ബാങ്കിലെ ജോയിന്റ് രജിസ്ട്രാർ/ ആർബിട്രേറ്റർ ഉറപ്പ് വരുത്തേണ്ടതും, കെ.എസ്.ആർ പാർട്ട് I റൂൾ 156 പ്രകാരമുള്ള മേൽപ്പറഞ്ഞ തസ്തികകളുടെ തുടർച്ചാനുവാദത്തിനും,ടി ഉദ്യോഗസ്ഥരുടെ സേവന വേതന വിഷയങ്ങളിലും ബന്ധപ്പെട്ട ജില്ലകളിലെ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ കാലാനുസൃതമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കേരള സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെ 13 ജില്ലാ സഹകരണ ബാങ്കുകളിലുമായി നിലവിലുണ്ടായിരുന്ന 12 ഇൻസ്പെക്ടർ തസ്തികകൾ ചുവടെ പറയും പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്കിൽ പുനർക്രമീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

| ക്രമ നം | റീജിയൺ | തസ്തികകകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 4 |
| 2 | ആലപ്പുഴ | 1 |
| 3 | കോട്ടയം | 2 |
| 4 | തൃശ്ശൂർ | 1 |
| 5 | പാലക്കാട് | 2 |
| 6 | കോഴിക്കോട് | 1 |
| 7 | കണ്ണൂർ | 1 |
| **ആകെ** | | **12** |

മേൽപറഞ്ഞ റീജിയണുകളിൽപ്പെട്ട ജില്ലകളിൽ ചുവടെ പറയും പ്രകാരം ഇൻസ്പെക്ടർമാരെ ക്രമീകരിക്കുന്നതിന് അതാത് ജില്ലകളിലെ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

| ക്രമ നം | റീജിയൺ | ജില്ല | തസ്തികകകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം | 1 |
| | | കൊല്ലം | 3 |
| 2 | ആലപ്പുഴ | പത്തനംതിട്ട | 1 |
| | | ആലപ്പുഴ | 0 |
| 3 | കോട്ടയം | കോട്ടയം | 1 |
| | | ഇടുക്കി | 1 |
| 4 | തൃശ്ശൂർ | എറണാകുളം | 1 |
| | | തൃശ്ശൂർ | 0 |
| 5 | പാലക്കാട് | പാലക്കാട് | 2 |
| | | മലപ്പുറം | 0 |
| 6 | കോഴിക്കോട് | കോഴിക്കോട് | 0 |
| | | വയനാട് | 1 |
| 7 | കണ്ണൂർ | കണ്ണൂർ | 1 |
| | | കാസർഗോഡ് | 0 |
| ആകെ | | | 12 |

കേരള സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെ 13 ജില്ലാ സഹകരണ ബാങ്കുകളിലുമായി നിലവിലുണ്ടായിരുന്ന 21 ആഡിറ്റർ തസ്തികകൾ ചുവടെ പറയും പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്കിൽ പുനർക്രമീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

| ക്രമ നം | റീജിയൺ | തസ്തികകകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2 |
| 2 | ആലപ്പുഴ | 2 |
| 3 | കോട്ടയം | 2 |
| 4 | തൃശ്ശൂർ | 2 |
| 5 | പാലക്കാട് | 2 |
| 6 | കോഴിക്കോട് | 2 |
| 7 | കണ്ണൂർ | 2 |
| 8 | സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ്, തിരുവനന്തപുരം | 7 |
| ആകെ | | 21 |

മേൽപറഞ്ഞ റീജിയണുകളിൽപ്പെട്ട ജില്ലകളിൽ ചുവടെ പറയും പ്രകാരം ആഡിറ്റർ മാരെ ക്രമീകരിക്കുന്നതിന് അതാത് ജില്ലകളിലെ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

| ക്രമ നം | റീജിയൺ | ജില്ല | തസ്തികകകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം | 2 |
| | | കൊല്ലം | 0 |

| | | | |
|---|---|---|---|
| 2 | ആലപ്പുഴ | പത്തനംതിട്ട | 1 |
| | | ആലപ്പുഴ | 1 |
| 3 | കോട്ടയം | കോട്ടയം | 1 |
| | | ഇടുക്കി | 1 |
| 4 | തൃശ്ശൂർ | എറണാകുളം | 1 |
| | | തൃശ്ശൂർ | 1 |
| 5 | പാലക്കാട് | പാലക്കാട് | 2 |
| | | മലപ്പുറം | 0 |
| 6 | കോഴിക്കോട് | കോഴിക്കോട് | 1 |
| | | വയനാട് | 1 |
| 7 | കണ്ണൂർ | കണ്ണൂർ | 1 |
| | | കാസർഗോഡ് | 1 |
| 8 | സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ്, തിരുവനന്തപുരം | ഹെഡ് ഓഫീസ് തിരുവനന്തപുരം | 7 |
| **ആകെ** | | | **21** |

മേൽപറയും പ്രകാരം ബന്ധപ്പെട്ട ജില്ലകളിലെ ജോയിന്റ് രജിസ്ട്രാർ(ജനറൽ )/ ജോയിന്റ് ഡയറക്ടർ(ആഡിറ്റ് )മാർ മേൽപറഞ്ഞ തസ്തികകളിൽ ഇൻസ്പെക്ടർ/ആഡിറ്റർമാർക്ക് ചുമതല നൽകേണ്ടതും, ടി ഉദ്യോഗസ്ഥരുടെ സേവന വേതന വ്യവസ്ഥകൾ അതാത് ജില്ലാ [ജോയിന്റ് രജിസ്ട്രാർ(ജനറൽ), ജോയിന്റ് ഡയറക്ടർ(ആഡിറ്റ് )] ആഫീസുകളിൽ ക്രമീകരിക്കേണ്ടതുമാണ്.

കെ.എസ്.ആർ പാർട്ട് I റൂൾ 156 പ്രകാരമുള്ള മേൽപ്പറഞ്ഞ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികകളുടെ തുടർച്ചാനുവാദത്തിനുള്ള നടപടികൾ ബന്ധപ്പെട്ട ജില്ലകളിലെ ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർമാർ കാലാനുസൃതമായി സ്വീകരിക്കേണ്ടതാണ്. ടി ഉദ്യോഗസ്ഥരിൽ ആഡിറ്റർമാരുടെ പ്രവർത്തന അവലോകനം ബന്ധപ്പെട്ട കേരള സംസ്ഥാന സഹകരണ ബാങ്ക് റീജിയണുകളിലെ ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർമാരും, ഇൻസ്പെക്ടർമാരുടെ പ്രവർത്തനം പാലക്കാട് റീജിയണിൽ അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്ററും, മറ്റു റീജിയണുകളിൽ ഡെപ്യൂട്ടി രജിസ്ട്രാർ/ആർബിട്രേറ്റർമാരും അവലോകനം നടത്തേണ്ടതും, ആയതു കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസിലെ ജോയിന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ പരിശോധിക്കേണ്ടതുമാണ്.

ടി ഉത്തരവിന് അടിയന്തിര പ്രാധാന്യം ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
ഡി.കൃഷ്ണകുമാർ
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വ്യക്തിയ്ക്ക് (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)

പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം,
2) ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം,
3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്,
4) സഹകരണ ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
5) എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും,
6) എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും,
7) ജോയിന്റ് രജിസ്ട്രാർ/ ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, ഹെഡ് ഓഫീസ്, തിരുവനന്തപുരം,
8) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - കേരള ബാങ്ക് രൂപീകരണത്തെ തുടർന്നുള്ള പുനക്രമീകരണവും സഹകരണ വകുപ്പ് ഉദ്യോഗസ്ഥരുടെ പുനർ വിന്യാസവും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സഹകരണ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.237/2020/സഹ.** തീയതി,തിരുവനന്തപുരം, 27/05/2020

പരാമർശം:- സഹകരണ സംഘം രജിസ്ട്രാറുടെ 25.05.2020 ലെ ശുപാർശ

**ഉത്തരവ്**

കേരളാ ബാങ്ക് രൂപീകരണത്തിലൂടെ കേരളത്തിലെ ഹ്രസ്വകാല വായ്പാ മേഖലയിലെ സംഘങ്ങൾ ത്രിതല സംവിധാനത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേയ്ക്ക് മാറിയിരിക്കുകയാണ് . സംസ്ഥാനത്തെ 13 ജില്ലാ സഹകരണ ബാങ്കുകൾ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിച്ചതിലൂടെയാണ് പ്രസ്തുത ദ്വിതല സംവിധാനം നിലവിൽ വന്നത്. ഇപ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്) - ൽ സഹകരണ നിയമം വകുപ്പ് 63(10)(ii) ലെ വ്യവസ്ഥകൾക്ക് വിധേയമായി അഡ്മിനിസ്ട്രേറ്റീവ് ആഡിറ്റ് നിർവ്വഹിക്കേണ്ടതുണ്ട്.

കേരളാ ബാങ്കിന്റെ രൂപീകരണത്തോടെ സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ജില്ലാ ബാങ്കുകൾ ഇല്ലാതായിട്ടുള്ള സാഹചര്യത്തിൽ, സംസ്ഥാന സഹകരണ ബാങ്കിന്റെ ഘടന പുനക്രമീകരിച്ച് ഉത്തരവായിരുന്നു. 7 റീജിയണൽ ഓഫീസുകളാണ് പുതിയ ഘടനയിൽ നിഷ്കർഷിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ രണ്ട് കൺകറന്റ് ഓഡിറ്റർ തസ്തികകൾ വീതം പ്രസ്തുത റീജിയണൽ ഓഫീസുകളിലേയ്ക്ക് താഴെ വിവരിക്കും പ്രകാരം പുന:ക്രമീകരിച്ച് ഉത്തരവാകുന്നു.

| റീജിയൺ (ആസ്ഥാനം) | തസ്തികയുടെ എണ്ണം | ജില്ലകൾ |
|---|---|---|
| തിരുവനന്തപുരം - R1 | 2 | തിരുവനന്തപുരം |
| | | കൊല്ലം |
| ആലപ്പുഴ - R2 | 2 | പത്തനംതിട്ട |
| | | ആലപ്പുഴ |
| കോട്ടയം - R3 | 2 | കോട്ടയം |
| | | ഇടുക്കി |
| തൃശ്ശൂർ - R4 | 2 | എറണാകുളം |
| | | തൃശ്ശൂർ |

| | | |
|---|---|---|
| പാലക്കാട് - R5 | 1 | പാലക്കാട് |
| കോഴിക്കോട് - R6 | 2 | കോഴിക്കോട് |
| | | വയനാട് |
| കണ്ണൂർ- R7 | 2 | കണ്ണൂർ |
| | | കാസർഗോഡ് |

കൺകറന്റ് ആഡിറ്റർമാരെ സഹായിക്കുന്നതിനായി നിലവിലുള്ള ഇൻസ്പെക്ടർ തസ്തിക പുനക്രമീകരിക്കുന്നതിനും 2 ഓഡിറ്റർമാരെ വീതം ഓരോ റീജിയണൽ ഓഫീസുകളിൽ പുന:ക്രമീകരിക്കുന്നതിനും ഇതോടൊപ്പം അനുമതി നൽകുന്നു.

റീജിയണൽ ഓഫീസിൽ നിയമിതരാകുന്ന കൺകറന്റ് ആഡിറ്റർമാരിൽ ഒരു കൺകറന്റ് ഓഡിറ്റർ-ഓരോ ജില്ലയിൽ വരുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ (PACS) സംബന്ധിക്കുന്ന വിഷയങ്ങളും താഴെ വിവരിക്കും ചുമതലകളും നിർവ്വഹിക്കേണ്ടതാണ് :

–

- ഇന്റഗ്രേഷന് മുമ്പ് ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകളുടെ വിശദമായ പരിശോധന നടത്തേണ്ടതുള്ളതിനാൽ ജീവനക്കാരുടെ സേവന പുസ്തകങ്ങളുടെ സമഗ്ര പരിശോധന, ജീവനക്കാരുടെ ശമ്പള നിർണ്ണയം, ഗ്രേഡ്, പ്രൊമോഷൻ എന്നിവ വിശദമായി പരിശോധിച്ച് 60 ദിവസത്തിനകം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
- നബാർഡിന്റെ പ്രത്യേക സാമ്പത്തിക സഹായപദ്ധതിയുടെ നിർവ്വഹണം കൃത്യമായി നിരീക്ഷിച്ച് ഇത് സംബന്ധിച്ച പ്രതിവാര റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.
- Long Term Rural Credit Fund, Refinance Other Than LTRCF എന്നിവയുടെ വിതരണം മോണിറ്റർ ചെയ്ത് പ്രതിമാസ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
- ബാങ്ക് നടപ്പാക്കുന്ന വിവിധ വായ്പ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.
- സ്വർണ്ണ പണയ പണ്ടങ്ങളുടെ വാർഷികവും ആകസ്മികവുമായ പരിശോധനകൾ
- വായ്പ രേഖകളുടെ പരിശോധന
- വൻ വായ്പകളുടെ പ്രത്യേക പരിശോധന
- സർക്കാർ പദ്ധതികളുടെ നിർവ്വഹണം
- ജില്ലാ ബാങ്കുകളിൽ ഫയലുകൾ കൈമാറുന്നതിലെ ക്രമീകരണം
- NPA recover ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ പുരോഗതി.
- ആസ്തികൾ കേരള സംസ്ഥാന സഹകരണ ബാങ്കിന് കൈമാറുന്നതിലെ നടപടിക്രമങ്ങൾ.

വിശദമായ പരിശോധനകൾ നടത്തിയ ശേഷം കൂടുതൽ ചുമതലകൾ കൈമാറാൻ ഉള്ളതായി കാണുന്ന പക്ഷം അത് സംബന്ധിച്ച് പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിക്കുന്നതായിരിക്കും.

കേരള ബാങ്കിന്റെ രൂപീകരണത്തിന്റെ പശ്ചാതലത്തിൽ താഴെപറയുന്ന പുന:ക്രമീകരണങ്ങളും അംഗീകരിച്ച് ഉത്തരവാകുന്നു:

**ആർബിട്രേഷൻ & എക്സിക്യൂഷൻ**

ആർബിട്രേഷൻ, എക്സിക്യൂഷൻ ജോലികൾക്കായി സംസ്ഥാന സഹകരണ ബാങ്കിൽ ഒരു ജോയിന്റ് രജിസ്ട്രാറും 3 ഡെപ്യൂട്ടി രജിസ്ട്രാർമാരും മുൻ ജില്ലാ സഹകരണ ബാങ്കുകളിലാകെ 3 ഡെപ്യൂട്ടി രജിസ്ട്രാർമാരും 15 അസിസ്റ്റന്റ് രജിസ്ട്രാർമാരും സേവനമനുഷ്ഠിച്ചിരുന്നു. പ്രസ്തുത ഉദ്യോഗസ്ഥരെ കേരള ബാങ്കിലും മേഖലാ ആഫീസുകളിലും ആർബിട്രേഷൻ, എക്സിക്യൂഷൻ ജോലികൾക്കായി പുനർവിന്യസിക്കുന്നു. ഇവരെ കൂടാതെ നിലവിലുള്ള 12 ഇൻസ്പെക്ടർമാരേയും പുനർവിന്യസിക്കുന്നു.

(i) **ആസ്ഥാന ഓഫീസ്**

കേരള ബാങ്കിന്റെ ആസ്ഥാന കാര്യാലയത്തിൽ നിലവിലുള്ള ഒരു ജോയിന്റ് രജിസ്ട്രാർ തസ്തിക അതേപടി നിലനിർത്തുന്നതിന് അനുമതി നൽകുന്നു. പ്രസ്തുത ഉദ്യോഗസ്ഥൻ മേഖലാ ആഫീസുകളിലേയും ശാഖകളിലേയും ആർബിട്രേഷൻ, എക്സിക്യൂഷൻ പുരോഗതി വിലയിരുത്തുകയും, മേഖല ആഫീസുകളിലെ ഉദ്യോഗസ്ഥർക്ക് ജോലി വിഭജിച്ച് നൽകുകയും ഇവ സംബന്ധിച്ചുള്ള പുരോഗതി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ii) **മേഖലാ ആഫീസുകൾ**

6 മേഖലകളിൽ ഓരോന്നിലും (പാലക്കാട് ഒഴികെ) ഓരോ ഡെപ്യൂട്ടി രജിസ്ട്രാർമാരേയും രണ്ട് വീതം അസിസ്റ്റന്റ് രജിസ്ട്രാറേയും നിയോഗിച്ച് ഉത്തരവാകുന്നു. പാലക്കാട് മേഖലയിൽ ഒരു അസിസ്റ്റന്റ് രജിസ്ട്രാറെ നിയോഗിച്ചും ഉത്തരവാകുന്നു. മേഖലാ ഓഫീസുകളിലെ ഇൻസ്പെക്ടർമാരെ പുനർക്രമീകരണത്തിലൂടെ നിയോഗിക്കുവാനും ഇതോടൊപ്പം അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി.എസ്.രാജേഷ്**
**അഡിഷണൽ സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ബാങ്ക്, തിരുവനന്തപുരം
സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർമാർക്കും (സഹകരണ സംഘ രജിസ്ട്രാർ മുഖേന)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ്- കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ്, റീജിയണൽ ഓഫീസിലേക്ക് വകുപ്പിലെ തസ്തികകൾ പുനർക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സഹകരണ (എ) വകുപ്പ്**

**സ.ഉ (സാധാ)നം. 272/2020/സഹ. തീയതി, തിരുവനന്തപുരം, 18/06/2020**

പരാമർശം: 1) സ.ഉ (സാധാ)237/2020/സഹ തീയതി 27.05.2020

2)സഹകരണ സംഘം രജിസ്ട്രാറുടെ 08/06/2020 ലെ RCS/7366/2019-EB(1) നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെ 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് ത്രിതല സംവിധാനത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേക്ക് മാറ്റുകയും, ഇപ്രകാരം രൂപീകൃതമായ കേരള സംസ്ഥാന സഹകരണ (കേരള ബാങ്ക്) ബാങ്കിന്റെ ഘടന പുനക്രമീകരിച്ച് 7 റീജിയണുകളായി തിരിക്കുകയും ചെയ്തിരുന്നു. തുടർന്ന് 13 ജില്ലാ സഹകരണ ബാങ്കുകളിലെ ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ തസ്തികകൾ കേരള സംസ്ഥാന സഹകരണ ബാങ്കിലെ 7 റീജിയണുകളിലായി പുനർക്രമീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

കേരളാ സംസ്ഥാന സഹകരണ ബാങ്കിലും, 13 ജില്ലാ സഹകരണ ബാങ്കുകളിലുമായി നിലവിലുള്ള ജോയിന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, ഡെപ്യൂട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ അസിസ്റ്റന്റ്/ആർബിട്രേറ്റർ തസ്തികകൾ കേരള സംസ്ഥാന സഹകരണ ബാങ്കിലേക്ക് ചുവടെ വിവരിക്കും പ്രകാരം പുനർക്രമീകരണം ചെയ്ത് ഉത്തരവാകുന്നു:

| ക്രമ നം | നിലവിലുള്ള തസ്തിക | ഷിഫ്റ്റ് ചെയ്യേണ്ട തസ്തിക |
|---|---|---|
| 1 | ജോയിന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം | ജോയിന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ്, തിരുവനന്തപുരം |
| 2 | ഡെപ്യൂട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം റീജിയൺ | ഡെപ്യൂട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം റീജിയൺ |
| 3 | ഡെപ്യൂട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ, എറണാകുളം ജില്ലാ സഹകരണ ബാങ്ക്, | ഡെപ്യൂട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്,ആലപ്പുഴ റീജിയൺ |

| | | |
|---|---|---|
| 4 | ഡെപ്യൂട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ, കോട്ടയം ജില്ലാ സഹകരണ ബാങ്ക് | ഡെപ്യൂട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്,കോട്ടയം റീജിയൺ |
| 5 | ഡെപ്യൂട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, എറണാകുളം റീജിയൺ | ഡെപ്യൂട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തൃശ്ശൂർ റീജിയൺ |
| 6 | ഡെപ്യൂട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കോഴിക്കോട് റീജിയൺ | ഡെപ്യൂട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കോഴിക്കോട് റീജിയൺ |
| 7 | ഡെപ്യൂട്ടി രജിസ്ട്രാർ/സ്പെഷ്യൽ ആർബിട്രേറ്റർ, പാലക്കാട് ജില്ലാ സഹകരണ ബാങ്ക് | ഡെപ്യൂട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കണ്ണൂർ റീജിയൺ |
| 8 | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ-1, തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം റീജിയൺ, തിരുവനന്തപുരം ജില്ല |
| 9 | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, കൊല്ലം ജില്ലാ സഹകരണ ബാങ്ക് | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം റീജിയൺ, കൊല്ലം ജില്ല |
| 10 | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ കം സെയിൽ ആഫീസർ, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, ആലപ്പുഴ റീജിയൺ, പത്തനംതിട്ട ജില്ല |
| 11 | അസിസ്റ്റന്റ് രജിസ്ട്രാർ/സ്പെഷ്യൽ സെയിൽ ആഫീസർ, ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, ആലപ്പുഴ റീജിയൺ, ആലപ്പുഴ ജില്ല |
| 12 | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കോട്ടയം റീജിയൺ, കോട്ടയം ജില്ല |
| 13 | അസിസ്റ്റന്റ് രജിസ്ട്രാർ/സ്പെഷ്യൽ ആർബിട്രേറ്റർ, ഇടുക്കി ജില്ലാ സഹകരണ ബാങ്ക് | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കോട്ടയം റീജിയൺ, ഇടുക്കി ജില്ല |
| 14 | അസിസ്റ്റന്റ് രജിസ്ട്രാർ/സ്പെഷ്യൽ സെയിൽ ആഫീസർ, എറണാകുളം ജില്ലാ സഹകരണ ബാങ്ക് | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തൃശ്ശൂർ റീജിയൺ, എറണാകുളം ജില്ല |
| 15 | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ കം സെയിൽ ആഫീസർ, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തൃശ്ശൂർ റീജിയൺ, തൃശ്ശൂർ ജില്ല |
| 16 | അസിസ്റ്റന്റ് രജിസ്ട്രാർ/സ്പെഷ്യൽ സെയിൽ ആഫീസർ, കണ്ണൂർ ജില്ലാ | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, പാലക്കാട് |

| | സഹകരണ ബാങ്ക് | റീജിയൺ, പാലക്കാട് ജില്ല |
|---|---|---|
| 17 | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ കം സ്പെഷ്യൽ സെയിൽ ആഫീസർ,കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കോഴിക്കോട് റീജിയൺ, കോഴിക്കോട് ജില്ല |
| 18 | അസിസ്റ്റന്റ് രജിസ്ട്രാർ/സ്പെഷ്യൽ സെയിൽ ആഫീസർ-2,കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കോഴിക്കോട് റീജിയൺ, വയനാട് ജില്ല |
| 19 | അസിസ്റ്റന്റ് രജിസ്ട്രാർ/സ്പെഷ്യൽ സെയിൽ ആഫീസർ-1,കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കണ്ണൂർ റീജിയൺ,കണ്ണൂർ ജില്ല |
| 20 | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ കം സെയിൽ ആഫീസർ,കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് | അസിസ്റ്റന്റ് രജിസ്ട്രാർ/ആർബിട്രേറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, കണ്ണൂർ റീജിയൺ, കാസർഗോഡ് ജില്ല |

കൂടാതെ സംസ്ഥാന സഹകരണ ബാങ്കിലും 13 ജില്ലാ സഹകരണ ബാങ്കുകളിലുമായി നിലവിലുള്ള 12 ഇൻസ്പെക്ടർ തസ്തികകൾ ചുവടെ പറയും പ്രകാരം പുനർക്രമീകരിച്ച് ഉത്തരവാകുന്നു:

| ക്രമ നം. | റീജിയൺ | ഷിഫ്റ്റ് ചെയ്യേണ്ട തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 4 |
| 2 | ആലപ്പുഴ | 1 |
| 3 | കോട്ടയം | 2 |
| 4 | തൃശ്ശൂർ | 1 |
| 5 | പാലക്കാട് | 2 |
| 6 | കോഴിക്കോട് | 1 |
| 7 | കണ്ണൂർ | 1 |

സംസ്ഥാന സഹകരണ ബാങ്കിലും 13 ജില്ലാ സഹകരണ ബാങ്കുകളിലുമായി നിലവിലുള്ള 21 ആഡിറ്റർ തസ്തികകൾ ചുവടെ പറയും പ്രകാരം 7 റീജിയണുകളിലായി 2 വീതം തസ്തികകളും ബാക്കിയുള്ള 7 തസ്തികകൾ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസിലെ ആഡിറ്റ് ജോലികൾ നിർവ്വഹിക്കുന്നതിനായി പുനർക്രമീകരിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | റീജിയൺ | ഷിഫ്റ്റ് ചെയ്യേണ്ട തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2 |
| 2 | ആലപ്പുഴ | 2 |

| | | |
|---|---|---|
| 3 | കോട്ടയം | 2 |
| 4 | തൃശ്ശൂർ | 2 |
| 5 | പാലക്കാട് | 2 |
| 6 | കോഴിക്കോട് | 2 |
| 7 | കണ്ണൂർ | 2 |

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**പി.കെ.ഗോപകുമാർ**

**ഡെപ്യൂട്ടി സെക്രട്ടറി.**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കേരള സംസ്ഥാന സഹകരണ ബാങ്ക്
സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ (എ 1/171/2018/സഹ)/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ